## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1324 — 20.01.2014 ൽ - മറുപടിക്ക്

# റേഷൻകട വഴിയുള്ള ഗോതമ്പ് വിതരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. ശശി | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) റേഷൻകടകൾ വഴി കാർഡൊന്നിന് എത്ര കിലോഗ്രാം ഗോതമ്പ് വിതരണം ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ; | (എ), | ബി.പി.എൽ കാർഡുകൾക്ക് 5 കിലോഗ്രാം ഗോതമ്പും എ.പി.എൽ. വിഭാഗക്കാർക്ക് രണ്ടു കിലോ ആട്ടയും എല്ലാ മാസവും നൽകുന്നുണ്ട്. |
| (ബി) മാസങ്ങളായി റേഷൻകാർഡ് ഉടമകൾക്ക് ഗോതമ്പ് ലഭിക്കാത്ത അവസ്ഥയുണ്ടോ; (സി) എങ്കിൽ കാരണം വിശദീകരിക്കാമോ; | (ബി), & (സി) | പ്രതിമാസം 1,39,748 ടൺ ഭക്ഷ്യധാന്യം എല്ലാ വിഭാഗക്കാർക്കുമായി സംസ്ഥാനത്തിന് അനുവദിച്ചിരുന്നെങ്കിലും പ്രതിമാസ വിട്ടെടുപ്പ് 1,22,724 ടണിൽ കൂടാൻ പാടില്ല എന്ന നിബന്ധന വച്ചിരുന്നു. എ.എ.വൈ., ബി.പി.എൽ. എന്നീ വിഭാഗങ്ങൾക്ക് റേഷൻ വിഹിതത്തിൽ കുറവ് വരാതിരിക്കാനും എ.പി.എൽ. വിഭാഗക്കാർക്ക് പരമാവധി അരി നൽകുവാനും, എന്നിരുന്നാൽ വിട്ടെടുപ്പ് അനുവദിക്കപ്പെട്ടിട്ടുളള പരമാവധി അളവിനുളളിൽ നിലനിർത്താനും, എ.പി.എൽ. വിഭാഗക്കാർക്ക് 2013 നവംബർ മാസം മുതൽ ഗോതമ്പ് വിതരണം നിർത്തേണ്ടതായി വന്നു എന്നിരുന്നാലും 2 കിലോ ആട്ടയുടെ വിതരണം തുടരുന്നുണ്ട്. |
| (ഡി) തടസ്സം കൂടാതെ ഗോതമ്പ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | രണ്ടു കിലോ ആട്ട എല്ലാ മാസവും നൽകുന്നുണ്ട്. ഇതിനുപുറമേ 5 കിലോ ഗോതമ്പ് കേന്ദ്രസർക്കാർ അനുവദിച്ച താങ്ങുവില നിരക്കിൽ നൽകാനും തീരുമാനമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ